

# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തിഅഞ്ച്

ജോയിക്കുട്ടി,

അന്നച്ചിക്കു മാത്രമല്ല ആ സ്ഥലത്തു താമസിക്കുന്ന മിക്കവാറും എല്ലാ മലയാളികൾക്കും മനസ്സിലായി മണിയുടെ വീട്ടിലെ കാര്യങ്ങൾ. അന്നച്ചി, മുൻ കഥയുടെ തുടർച്ച ആയിട്ടാണ് ഇത് പറയുന്നത്. ആ സ്ഥലത്തു് ആ കാലത്ത് വളരെ കുറച്ച് മലയാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

PPP യും ഭാര്യയും കൂടെ ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ ആ സ്ഥലത്തു് എത്തിച്ചേർന്നെങ്കിലും അവർ ഒറെതെയുടെ കൂടെ അവളുടെ എപ്പാർട്ടുമെന്റിലായി താമസം. ആ എപ്പാർട്ടുമെന്റും KCV യുടെ പോലെ വലിയ എപ്പാർട്ടുമെന്റായിരുന്നു. ഈ രണ്ട് എപ്പാർട്ടുമെന്റുകെട്ടിടങ്ങളും ഏകദേശം ഒരു ഫലോംഗ് ദൂരം അകലത്തിലായിരുന്നു. PPP യേയും ഭാര്യയേയും കൂട്ടി കൊണ്ടു വരാൻ KCV യും വിമാനതാവളത്തിൽ ചെന്നിരുന്നു തനിയെ; നാൻസി അന്നേരം ഗർഭിണി ആയിരുന്നതിനാൽ. പ്രിയപ്പെട്ട കൂട്ടുകാരൻ വന്ന സന്തോഷത്തിലായിരുന്നു അയാൾ. കൂടാതെ ആ സ്ഥലത്തു് അപ്പോൾ ഉള്ള പ്രധാന മലയാളികളും ചിലർ ഉണ്ടായിരുന്നു; അന്നച്ചി ഒഴികെ.

PPP യ്ക്ക് വിസാ കിട്ടിയെന്നറിഞ്ഞപ്പോൾ മുതൽ, അയാളെക്കുറിച്ചുള്ള വീര കഥകൾ പലതും KCV അയാളുടെ വളരെ അടുത്തതും ശിങ്കിടികളുമായി ചില മലയാളികളോട് പറഞ്ഞു തുടങ്ങിയിരുന്നു. ഇത്രയും വീരനായ ആളിനെ കാണാനായിരുന്നു അവരെല്ലാം ചെന്നത്. കൂടാതെ അത് ഒരു ആഴ്ചവട്ട അവസാന ദിവസമായിരുന്നതുകൊണ്ട് അവർക്കെല്ലാം അന്ന് അവധിയും ആയിരുന്നു. വിരലേൽ എണ്ണാവുന്ന ദിവസങ്ങൾ മാത്രമേ, അയാൾ സ്വന്തം അനുജത്തി ഒറെതയുടെ എപ്പാർട്ടുമെന്റിൽ താമസിച്ചുള്ളു.

KCVയുടെ നിബന്ധം മൂലം അയാൾ താമസിക്കുന്ന എപ്പാർട്ടുമെന്റു കെട്ടിടത്തിലെ ഒരു സ്റ്റുഡിയോ എപ്പാർട്ടമെന്റിൽ PPP ഭാര്യ സഹിതം താമസമായി. ഒറൊതയ്ക്ക് അത് വളരെ സങ്കടമായി. സ്റ്റുഡിയോ എപ്പാർട്ടമെന്റു എന്നു പറഞ്ഞാൽ, ഒരു വലിയ മുറി; അതിലെ ക്ലോസെറ്റ് തുറന്ന് നിവർത്തിട്ടാൽ കിടക്കുന്ന കട്ടിലാകും; ഒരു മൂലയ്ക്ക് നാല് അടുപ്പും കൂടി അടുക്കള ആയി; അവിടെ തന്നെ അങ്ങേ അറ്റത്ത് സോഫാ സെറ്റുകളും മറ്റുമായി സ്വീകരണമുറി; അല്പം മാറി ഒരു മേശയും കസേരകളും ആയപ്പോൾ ഭക്ഷണം കഴിക്കാനുള്ള സ്ഥലമായി. അവിടുത്തെ ഏറ്റവും വില കുറഞ്ഞ വാടക സ്ഥലം. PPP യ്ക്ക് അപ്പോൾ അതിന്റെ ആവശ്യമേ ഉണ്ടായിരുന്നുള്ളു. മക്കൾ രണ്ടു പേരും അപ്പോൾ ഉത്തരേന്ത്യയിലാണ്, അയാളും ഭാര്യയുമേ അപ്പോൾ ഉള്ളൂ. പിന്നീടാണ് അയാൾ അറിഞ്ഞത് മണിയും കുടുംബവും ആ കെട്ടിടത്തിലാണ് താമസമെന്നും മറ്റും മറ്റും.

PPP വന്നു കഴിഞ്ഞപ്പോൾ മണിയുടെ ഭർത്താവിന് സംശയവും മറ്റും മറ്റുമായി. മനപ്രയാസം മൂത്ത അയാൾ അടുത്തുള്ള ബാറിൽ പോയി കള്ളു കുടിക്കാൻ തുടങ്ങി. അമേരിക്കയിൽ വളരെ അടുത്തടുത്ത് ബാർ ഉണ്ട്. അയാൾ കുടി കഴിഞ്ഞു വരുന്നതിനു മുമ്പായി മണി, മക്കളെ കൂട്ടി അവളുടെ മുറി പൂട്ടുക പതിവായി. അങ്ങിനെ കാലക്രമേണ, അവൾ ആ അപ്പാർട്ടുമെന്റു തന്നെ അകത്തു നിന്നു പൂട്ടി അയാളെ അതിൽ കയറ്റാതായി; പലദിവസങ്ങളും അയാൾ വെളിയിൽ കിടക്കാൻ നിർബന്ധിതനായി; അങ്ങിനെ അയാൾ വേറെ താമസിക്കാൻ നിർബന്ധിതനായി. ആ ബന്ധം തന്നെ വേർ പിരിഞ്ഞു. അതാതു സമയത്തു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാൻ KCV യും ഭാര്യ നാൻസിയുമുണ്ടായിരുന്നു. അവസാനം അവൾ ആ എപ്പാർട്ടുമെന്റു തന്നെ മാറി.

പുതിയ എപ്പാർട്ടുമെന്റ് PPP താമസിക്കുന്നതിന്റെ വളരെ അടുത്തായിരുന്നു. മണിയുടെ താമസസ്ഥലം കാണാനായി ഒരിക്കൽ PPP അവിടെ പോയി. അവൾ പലതും വെച്ചിരിക്കുന്നത് ഒരു അടുക്കും ചിട്ടയുമില്ലാതെ ആണെന്നയാൾക്കു മനസ്സിലായി. അടുത്ത ദിവസം തന്നെ അയാൾ അവിടെ ചെന്ന് അതെല്ലാം ശരിയായി വെക്കാനായി കയറി ചെല്ലുന്ന വാതിൽ അടച്ചതും, ഒരു ഈറ്റ പുലിയെ പോലെ അവൾ ചീറി. ഇറങ്ങടാ ഇവിടെ നിന്ന് എന്നു തുടങ്ങി അവൾ ആക്രോശിക്കാൻ തുടങ്ങി. അപ്പോഴേ, അയാൾക്കു മനസ്സിലായി, അവൾ സംശയത്തോടെയാണ് സംസാരിക്കുന്നതെന്ന്. ഒറ്റ ഓട്ടത്തിന് അയാൾ അയാളുടെ എപ്പാർട്ടുമെന്റിൽ ചെന്ന് കതകടച്ച് മുറി പൂട്ടി.

നിമഷ നേരങ്ങൾക്കുള്ളിൽ ആങ്ങളെയെ വിവരം ധരിപ്പിച്ചതിൻ പ്രകാരം, KCV വന്ന് PPP യുടെ കതകിന് തട്ടും മുട്ടും ചീത്ത വിളിയും പോർ വിളിയും ബഹളവും എല്ലാമായി. ഇതിനിടയിൽ, മണി ഒറൊത്തോയോടും ഫോണിൽ വിളിച്ച് വിവരം പറഞ്ഞു. അവൾ അതെല്ലാം കേട്ടതല്ലാതെ ഒന്നും പ്രതികരിച്ചില്ല. KCV നിമിഷ നേരം കൊണ്ട് ഫോൺ ചെയ്ത് അയാളുടെ സുഹൃത്തുക്കളെയെല്ലാം വിവരം അറിയിച്ചു "അയാൾ എന്റെ പെങ്ങളെ പിടിക്കാൻ ചെന്നു; അവന് അമ്മയേയും പെങ്ങളേയും തിരിച്ചറിയത്തില്ല; ഇവനെ വീട്ടിൽ കേറ്ററുത്; ഒരു സഹായവും ചെയ്യരുത്.

ആ സമയത്ത് അവിടെ വളരെ കുറച്ച് മലയാളികളേ ഉണ്ടായിരുന്നുള്ളു. അവരെല്ലാം വിവരം അറിഞ്ഞു. പിന്നീട് ആ പ്രദേശത്ത് വരുന്ന എല്ലാവരോടും വിമാനതാവളത്തിൽ വെച്ചു തന്നെ PPP എന്നൊരാളുണ്ടെന്നും, അയാൾ പെണ്ണുപിടിയനും, വെറിയനും പോക്കിരിയുമാണെന്നും, അയാളോട് മിണ്ടുകപോലും ചെയ്യരുതെന്നും നിർദ്ദേശങ്ങൾ കിട്ടി. അങ്ങിനെ അയാളെ കാണാതെ തന്നെ അയാൾ അവിടെ പ്രസിദ്ധനായി. കൂടാതെ PPP യും KCV യും ബദ്ധ ശത്രുക്കളുമായി.

വർഷങ്ങൾ ചിലതു കഴിഞ്ഞു. ജോലിയും വീട്ടുകാര്യങ്ങളും കൊച്ചുകുഞ്ഞുങ്ങളെ നോക്കലും എല്ലാം കൂടെ മണി ക്ഷീണിത ആയി. ആരെങ്കിലും ഒരു സഹായത്തിനു വേണമെന്നായി. എത്ര നാളാണ് ആങ്ങളയും കുടുംബവും അവളെ സഹായിക്കുന്നത്; അവരും മടുത്തു. ആയിടക്കാണ്, അവിടെ ദൂരെ ഒരിടത്തു നിന്ന് നല്ല ഒരു മലയാളി ചെറുപ്പക്കാരൻ അവിടെ വന്നത്. അയാളുടെ ജേഷ്ഠനും കുടുംബവും എല്ലാം അയാൾ വന്നിടത്തു തന്നെ ഉണ്ട്. വിവാഹം കഴിക്കാത്ത അയാളെ കണ്ടപ്പോൾ KCV യ്ക്ക് താല്പര്യം; വിവരം അയാൾ പെങ്ങളോടെ പറഞ്ഞു; അവൾക്കും വിരോധമില്ല. അവസാനം അയാളോടും വിവരം പറഞ്ഞപ്പോൾ സമ്മതം തന്നെ. അയാളുടെ ജേഷ്ഠനും കുടുംബവും, അതുപോലെ ഏറ്റവും അടുത്ത ചിലരും വന്നു. രജിസ്ട്രർ വിവഹം പെട്ടന്നു കഴിഞ്ഞു.

അവൾക്കും അതുപോലെ ആങ്ങളയ്ക്കും കുടുംബത്തിനും വളരെ ആശ്വാസമായി. അവളെ കണ്ടാൽ സുന്ദരി അല്ലങ്കിലും വിരൂപയല്ല. പക്ഷേ, അവൾ രജിസ്ട്രേഡ് നേഴ്സാണ്; കൈ നിറയെ ശമ്പളം കിട്ടും. വന്ന ആൾ വളരെ മര്യാദക്കാരനാണ്; അയാൾ മക്കളെ പൊന്നു പോലെ നോക്കും. ഭക്ഷണം അത്യാവശ്യം പാചകം ചെയ്യും. പാത്രങ്ങൾ എല്ലാം കഴുകും പരമാവധി അവളെ എല്ലാ വിധത്തിലും സഹായിക്കും. ഒരു കുഴപ്പവുമില്ല. എന്നാൽ കിടക്കയിൽ ചെല്ലുമ്പോൾ അവൾ ചത്തതു പോലെ കിടക്കും. എങ്ങിനെ ആയാലെന്താ; തനിക്ക് സുഖിച്ചാൽ പോരെ; ആകുന്ന വിധത്തിലെല്ലാം പറഞ്ഞിട്ടും ഒരു ഫലവുമില്ല; കിടക്കയിൽ അവളുടെ സഹകരണം വളരെ കുറവാണ്. തീരെ അനുസരണയില്ല. അയാളും അടുത്തുള്ള ബാറിൽ പോകാൻ തുടങ്ങി. അവസാനം അതും പിരിഞ്ഞു; പെട്ടന്ന്.